**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3044** **25-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന ഗ്രാമീണറോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പ് എപ്രകാരമുള്ള ഗ്രാമീണറോഡുകളാണ് ഏറ്റെടുക്കാറുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവാകുന്നതനുസരിച്ച് ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പ്രധാന ജില്ലാ റോഡുകളാക്കി പുനരുദ്ധരിച്ചിരുന്നു. റെഗുലർ ബസ് സർവ്വീസുള്ളതും രണ്ട് പൊതുമരാമത്ത് റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും കുറഞ്ഞത് രണ്ട് പഞ്ചായത്തുകൾ വഴി കടന്നു പോകുന്നതും 8 മീറ്റർ എങ്കിലും റൈറ്റ് ഓഫ് വേ ഉള്ളതുമായ ഗ്രാമീണ റോഡുകളാണ് ഇത്തരത്തിൽ ഏറ്റെടുത്തിരുന്നത്. കൂടാതെ ഒറ്റത്തവണ മെയിന്റനൻസ് പ്രവൃത്തികളും ചെയ്തിരുന്നു.ഗ്രാമീണ റോഡുകൾ നിലവിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നില്ല. ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള പുതിയ മാനദണ്ഡം പരിശോധിച്ച് വരുന്നു. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന ഗ്രാമീണറോഡുകൾ പുതുതായി ഏറ്റെടുക്കുന്ന കാര്യം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവാകുന്നതനുസരിച്ച് ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പ്രധാന ജില്ലാ റോഡുകളാക്കി പുനരുദ്ധരിച്ചിരുന്നു. റെഗുലർ ബസ് സർവ്വീസുള്ളതും രണ്ട് പൊതുമരാമത്ത് റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും കുറഞ്ഞത് രണ്ട് പഞ്ചായത്തുകൾ വഴി കടന്നു പോകുന്നതും 8 മീറ്റർ എങ്കിലും റൈറ്റ് ഓഫ് വേ ഉള്ളതുമായ ഗ്രാമീണ റോഡുകളാണ് ഇത്തരത്തിൽ ഏറ്റെടുത്തിരുന്നത്. കൂടാതെ ഒറ്റത്തവണ മെയിന്റനൻസ് പ്രവൃത്തികളും ചെയ്തിരുന്നു.ഗ്രാമീണ റോഡുകൾ നിലവിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നില്ല. ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള പുതിയ മാനദണ്ഡം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ